# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6864

02.11.2011- ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായി മൊത്തം എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട് ; | (എ) | സർക്കാർ/എയ്ഡഡ് കോളേജുകൾ, സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടക്കം 130 എണ്ണമാണ്. |
| (ബി) | ഓരോ വിഭാഗത്തിലും എത്ര കോളേജുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | വിഭാഗം തിരിച്ച കണക്ക്<br>1) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ : **9 എണ്ണം**<br>2) സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ : **3 എണ്ണം**<br>3) സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ : **23 എണ്ണം**<br>4) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകൾ : **93 എണ്ണം**<br>5) കാർഷിക സർവ്വകലാശാലയുടെ കീഴിൽ : **1 എണ്ണം**<br>6) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ : **1 എണ്ണം**<br>പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയത്<br>**മൊത്തം : 130 എണ്ണം** |
| (സി) | ഇപ്പോൾ പുതുതായി ഏതാനും എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകുക ഉണ്ടായോ ; എങ്കിൽ എത്ര കോളേജുകൾ ; ഇവ ഏതു വിഭാഗത്തിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ; | (സി) | 2011-ൽ 19 കോളേജുകൾ പുതിയതായി തുടങ്ങിയിട്ടുണ്ട്. ഇതിൽ 15 സ്വകാര്യ സ്വാശ്രയ മേഖലയിലും ഒരെണ്ണം സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖലയിലും 3 സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ മേഖലയിലും പ്രവർത്തിക്കുന്നു. |

.... മറുപുറം

| | | | |
|---|---|---|---|
| (ഡി) | സ്വാശ്രയമേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ സംസ്ഥാനത്ത് മൊത്തം എത്ര സീറ്റുകളാണ് ഉള്ളത് ; | (ഡി) | സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജ് - **6792**<br>സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് - **29680**<br>മൊത്തം - **36472** |
| (ഇ) | ഇവയിൽ പ്രവേശനം പൂർണ്ണമായും പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര സീറ്റുകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) | പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശനം 04.10.2011ൽ പൂർത്തിയായതിനു ശേഷം സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ 3977 സർക്കാർ സീറ്റുകളും സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ 518 മാനേജ്മെന്റ് സീറ്റുകളും ഒഴിഞ്ഞു കിടക്കുന്നു. |

**സെക്ഷൻ ഓഫീസർ**